ഉത്തരം

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് എല്ലാ മാസവും അവലോകനയോഗം നടത്തിവരുന്നു. എല്ലാ മാസവും ആദ്യ ആഴ്ചതന്നെ മുൻ മാസങ്ങളിൽ നടന്ന പരിശോധനകളിന്മേൽ അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. അവസാനത്തെ അവലോകനയോഗം നടന്നത് 2-12-2014-ലാണ്.

(ബി) ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ആയതിനായി റിപ്പോർട്ടുകൾ അനന്തര നടപടി ശിപാർശ ചെയ്ത് ഭരണവകുപ്പിന് അയച്ചുകൊടുക്കുകയും നടപടി റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയാണെങ്കിൽ ഓർമ്മക്കുറിപ്പുകൾ അയച്ച് നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഫയൽ അദാലത്തുകൾ നടത്തി കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർ/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് ടെയിനിമാരായി മാറുന്നവർ

124 (4115) ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ടെയിനിമാരായി മാറുന്നവരുടെ എണ്ണം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് കംമ്പ്യൂട്ടർ അസിസ്റ്റന്റ്, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ്, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് , അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്നിവയിൽ ഏതിലാണ് ഉൾക്കൊള്ളിക്കുന്നത് എന്ന് വിശദമാക്കുമോ; പ്രസ്തുത വിഷയം പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ധനകാര്യവകുപ്പിൽ സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്/സീനിയർ ഗ്രേഡ്-സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽനിന്നും അസിസ്റ്റന്റ് ടെയിനിമാരാകുന്നവരെ അവർ സെക്ഷൻ ഓഫീസർ തസ്തികയിൽ ഉദ്യോഗ കയറ്റം ലഭിക്കുന്നതുവരെ, ഏതു കേഡറിൽ നിന്നാണോ അസിസ്റ്റന്റ് ഓൺ ടെയിനിംഗ് ആയി നിയമനം നേടിയത് പ്രസ്തുത കേഡറിൽ തുടരുന്നതായി പരിഗണിക്കുന്നു. കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് ടെയിനി ആയുള്ള കൺവേർഷനെ സംബന്ധിച്ച് പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുന്നത് പൊതുഭരണ (സർവീസസ് ഇ) വകുപ്പാണ്. ധനവകുപ്പിൽ നിന്നും ഇത് സംബന്ധിച്ച ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly